LIBRARY ARCHIVES Kerala Legislative Assembly

പദവിയിലിരിക്കുന്ന, ഇതുപോലെ കേരളത്തിലെ ഒരു സെർച്ച് കമ്മിറ്റിയെയും സർവ്വകലാശാലയെയും വിദ്യാർത്ഥികളെയും എല്ലാം കബളിപ്പിച്ചുകൊണ്ട് വൈസ് ചാൻസലറായ ആൾക്കെതിരായി കർശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരള കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ നിയമനത്തിനായി സമർപ്പിച്ച ബയോഡാറ്റയിൽ നിലവിലെ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു തെറ്റായ വിവരങ്ങൾ സമർപ്പിച്ചാണ് നിയമനം നേടിയതെന്ന് തൃശ്ശൂർ സ്വദേശി ശ്രീ. സത്യശീലൻ വി. എസ്. കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ സർക്കാർ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബയോഡാറ്റയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തനപരിചയവും സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർതലത്തിൽ ഗൗരവതരമായി പരിശോധിക്കുന്നതും അടിയന്തരമായ തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

(2) ദേശീയ ജലപാത

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ ഗതാഗത മേഖലയിലും ടൂറിസം രംഗത്തും ഒരു പുതിയ അദ്ധ്യായം കുറിച്ചുകൊണ്ടാണ് ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദേശീയ ജലപാതയുടെ 520 കിലോമീറ്റർ പൂർത്തിയാക്കാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ വലിയ വികസനക്കുതിപ്പുണ്ടാക്കാനാണ് പരിശ്രമിക്കുന്നത്. അത് ജലഗതാഗത, വ്യോമമേഖലകളിലാകെ വലിയമാറ്റം പ്രതിഫലിക്കുന്നതുമാണ്. എല്ലാ ഉൾനാടൻ ജലാശയങ്ങളെയും ഒറ്റരജിസ്ട്രേഷനുകീഴിൽ കൊണ്ടു വരുന്നതിനുള്ള ബിൽ കേന്ദ്രസർക്കാർ കഴിഞ്ഞ ദിവസം ലോക്സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള അവകാശം ഈ ബിൽ ഇല്ലാതാക്കുമെന്നുള്ള ഉത്കണ്ഠകൂടി ഈ സമയത്ത് ഞാൻ പങ്കുവയ്ക്കുകയാണ്. ദേശീയ ജലപാതയുടെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാൻ ഇനിയും കഴിയേണ്ടതുണ്ട്. കോട്ടപ്പുറം-കോഴിക്കോട് ജലപാതയുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ലെന്നത് ഗൗരവമായ പ്രശ്നം തന്നെയാണ്. സംസ്ഥാനത്തിന്റെ ഫണ്ട് ഉപയോഗിച്ചു കൊണ്ടാണ് കുറേയെങ്കിലും പ്രവർത്തനങ്ങൾ ഇന്നത്തെ ജലപാതയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. നാഷണൽ വാട്ടർ വേ ആയി 2016-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിനുശേഷം ജലപാതയുടെ വീതികൂട്ടുന്നതുൾപ്പെടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നടപടിയും സ്വീകരിക്കുന്നില്ലെന്നതാണ് വസ്തുത. നാഷണൽ വാട്ടർ വേ ആയി പ്രഖ്യാപിച്ച ആലപ്പുഴ-ചങ്ങനാശ്ശേരി ബോട്ട് റൂട്ട്, ആലപ്പുഴ-കോട്ടയം അതിരമ്പുഴ കനാൽ, കോട്ടയം-വൈക്കം കനാൽ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. വടക്ക് ബേക്കൽ മുതൽ തെക്ക് കോവളം വരെ ജലഗതാഗത സൗകര്യം ഒരുക്കുന്നതിലൂടെ താരതമ്യേന ചെലവും മലിനീകരണവും കുറഞ്ഞ യാത്രാസംവിധാനങ്ങൾ കേരളത്തിൽ യാഥാർത്ഥ്യമാകും. വേമ്പനാട് കായലിലെ ജലപാതയിൽ ചരക്ക് ഗതാഗതം ആരംഭിക്കേണ്ടതാണ്. എറണാകുളത്തെ കൊച്ചിൻ റിഫൈനറിയിൽനിന്നും ടാങ്കർ ലോറിയിൽ ചവറയിലെ കെ.എം.എം.എൽ.-ലേയ്ക്ക് ദിനംപ്രതി ഇരുന്നൂറ് ടൺ അതായത് ഏകദേശം ഇരുപത് ടാങ്കർ ഹൈഡ്രോക്ലോറിക് ആസിഡും ഫർണസ് ഓയിലുമാണ് കൊണ്ടുപോകുന്നത്. കോട്ടയം പോർട്ടിലെത്താൻ കഴിയുന്ന നിലയിലേയ്ക്ക് വല്ലാർപാടത്തുനിന്നും ചരക്കുനീക്കം നടത്താൻ കഴിയുകയും ചെയ്യും. ആലപ്പുഴയിലുൾപ്പെടെ പത്ത് കാർഗോ ടെർമിനലുകളുടെ ബേ റോഡുകളുടെ ബിൽഡിംഗ് പണി പൂർത്തീകരിച്ച് വർഷങ്ങളായിട്ടും ഇതെല്ലാം പ്രവർത്തന രഹിതമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. ഈ ടെർമിനലുകളെ പ്രവർത്തിപ്പിക്കാനും ചരക്കുഗതാഗതം ഫലപ്രദമായി നടത്താനും ഈ ജലപാതയെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താനും കഴിയുന്ന നിലയിലേയ്ക്കുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നിലവിൽ ഗതാഗത യോഗ്യമായിട്ടുണ്ട്. കോട്ടപ്പുറം മുതൽ വടകരവരെ നിലവിലുള്ള ജലപാതയിലെ ചില ലോക്കുകളും പാലങ്ങളും പൂർത്തിയാക്കാനുണ്ട്. മാഹി മുതൽ ബേക്കൽ വരെയുള്ള ജലപാതയിലെ മാഹി-എരഞ്ഞോളി, എരഞ്ഞോളി - ധർമ്മടം, അഞ്ചരക്കണ്ടി - വളപട്ടണം എന്നീ ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കുന്നതിനുള്ള നടപടി ഏറ്റെടുത്തുവരികയാണ്. ഭൂമിയേറ്റെടുക്കലും കനാൽ നിർമ്മാണവും പുനരുദ്ധാരണവും കനാൽ പുറമ്പോക്കുകളിലെ ഭൂരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യമിടുന്നത്. ദേശീയജലപാത യാഥാർത്ഥ്യമാകുന്നതോടെ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനും അന്തരീക്ഷ മലിനീകരണം കുറച്ചു കൊണ്ടുവരാനും കഴിയും. ശേഷിക്കുന്ന സംസ്ഥാന ജലപാത ഗതാഗതയോഗ്യമാക്കി 2025-ഓടെ പശ്ചിമ തീരദേശ ജലപാത സജ്ജമാക്കുന്നതിൽ ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലപാതയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഉയരവും വീതിയും കുറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണം കനാലിന്റെ വീതികൂട്ടൽ, ആഴം കൂട്ടൽ പ്രവൃത്തികൾ എന്നിവയാണ് നടപ്പാക്കിവരുന്നത്.